* 233. [255] ശ്രീ. കെ. പുരുഷോത്തമൻ :
,, വർക്കല രാധാകൃഷ്ണൻ :
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീമതി പി. ദേവൂട്ടി :
ശ്രീ. ജി. വരദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എഫ്. സി. യിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം വിഭാഗത്തിൽ ;

(സി) കംപ്യൂട്ടർ സ്ഥാപിക്കാൻ ചെലവായ തുക എത്ര ;

(ഡി) ഇതിലേയ്ക്കുള്ള നിയമനരീതി എപ്രകാരമായിരുന്നു ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) :

(എ) നടപ്പിലാക്കിവരികയാണ്.

(ബി) കോർപ്പറേഷന്റെ പ്രധാന പ്രവർത്തനങ്ങളെല്ലാം കംപ്യൂട്ടർവൽക്കരിക്കാനാണ് ഉദ്ദേശിക്കുന്നത്. താഴെ പറയുന്ന പ്രധാന പ്രവർത്തന മേഖലകൾക്ക് ആവശ്യമായ 'സോഫ്ട്വേർ' തയ്യാറാക്കി കഴിഞ്ഞിട്ടുണ്ട്.

1. വായ്പാ അക്കൗണ്ടുകൾ
2. ധനകാര്യ അക്കൗണ്ടുകൾ
3. പ്രോജക്ട് സൈപ്രസർ
4. വായ്പാ വിതരണം
5. റീ ഫിനാൻസ് പ്രവർത്തനങ്ങൾ
6. ശമ്പളം വിവിധ അലവൻസുകൾ, പ്രോവിഡന്റ് ഫണ്ട് മുതലായവ സംബന്ധിച്ച അക്കൗണ്ടുകൾ
7. വായ്പ തിക്കവറി

മേൽപ്പറഞ്ഞ മേഖലകളിൽ കംപ്യൂട്ടറൈസേഷൻ പടിപടിയായി നടപ്പാക്കിവരികയാണ്.

(സി) മൊത്തം 24.59 ലക്ഷം രൂപ ചെലവു വരും. 30-10-1986 വരെ 10.93 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(ഡി) ഈ നിയമനങ്ങൾ കോർപ്പറേഷൻ നേരിട്ടാണ് നടത്തിയത്. ഇൻറർവ്യൂ ബോർഡിൽ ഐ. ഡി. ബി. ഐ. യുടേയും, ഒരു കേന്ദ്ര ഗവൺമെൻറു സ്ഥാപനമായ കംപ്യൂട്ടർ മെയിൻറനൻസ് കോർപ്പറേഷന്റെയും വിദഗ്ദ്ധോപദേശകരുമുണ്ടായിരുന്നു.

പാർട്ടൈം കണ്ടിജൻസി ജീവനക്കാരുടെ ശമ്പളം

* 234. [231] ശ്രീ. സി. കെ. ചന്ദ്രപാണി :
,, എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശമ്പള കമ്മീഷൻ പാർട്ടൈം കണ്ടിജൻസി ജീവനക്കാർക്ക് ശുപാർശ ചെയ്തിട്ടുള്ള ശമ്പളം എത്രയാണെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കമ്മീഷൻ ശുപാർശ ഗവൺമെൻറ് അംഗീകരിച്ചശേഷം പാർട്ട്ടൈം കണ്ടിജൻറ് ജീവനക്കാരുടെ ശമ്പളം ഗവൺമെൻറ്വെട്ടിക്കുറച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ;

(ഡി) ഈ പ്രശ്നം പരിഹരിക്കാൻ ഗവൺമെൻറ് നടപടി സ്വീകരിക്കുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) :

(എ) നാലാം ശമ്പള കമ്മീഷൻറെ ശുപാർശ അനുസരിച്ച് പാർട്ട്ടൈം കണ്ടിജൻറ് ജീവനക്കാരുടെ ശമ്പളം 1-7-1983 മുതൽ താഴെ പറയുംവിധം പുനർനിർണ്ണയം ചെയ്തു.

	ശമ്പളം രൂപ	ഡി. എ. രൂപ
1. 200 ചതുരശ്ര മീറ്ററിൽ താഴെ സ്ഥലം വൃത്തിയാക്കേണ്ട പാർട്ട്ടൈം സ്വീപ്പർ/ ക്ലീനർ	225	4
2. 200 ചതുരശ്ര മീറ്ററും അതിൽ കൂടുതലും സ്ഥലം വൃത്തിയാക്കേണ്ട പാർട്ട് ടൈം സ്വീപ്പർ/ക്ലീനർ	283	5

(ബി) ശമ്പളം വെട്ടിക്കുറച്ചിട്ടില്ല. പക്ഷെ ഭാഗീകമായി ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.

(സി) ശമ്പളത്തിൽ കുറവു വരുത്തണമെന്ന് ഗവൺമെൻറിന് ഉദ്ദേശമില്ലായിരുന്നു. വൃത്തിയാക്കേണ്ട സ്ഥല വിസ്തീർണ്ണം നിജപ്പെടുത്തിയപ്പോൾ ചില ഓഫീസുകളിൽ പാർട്ട്ടൈംകാരുടെ ശമ്പളം കുറയാൻ ഇടയായി.

(ഡി) ആർക്കും ശമ്പളത്തിൽ കുറവു വരുത്തവിധത്തിൽ അപാകതകൾ പരിഹരിക്കാനുള്ള നിർദ്ദേശം ഗവൺമെൻറിൻെറ സജീവ പരിഗണനയിലുണ്ട്.

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളും ഉത്തരങ്ങളും

കേന്ദ്രത്തിൽനിന്നും ലഭിച്ച മണ്ണെണ്ണ

973. [1421] ശ്രീ. കെ. ജെ. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കേന്ദ്രസർക്കാരിൽനിന്നും നമ്മുടെ സംസ്ഥാനത്തിന് മാസത്തിൽ എത്ര മണ്ണെണ്ണ ലഭിക്കുന്നുണ്ട് ;

(ബി) ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്ന മണ്ണെണ്ണ സംസ്ഥാനത്തിൻെറ ആവശ്യത്തിന് മതിയാകുന്നുണ്ടോ ;

(സി) ഇല്ലെങ്കിൽ അത് കൂട്ടിക്കിട്ടുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly